**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1308** **07-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ മാനസികാരോഗ്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പഠനം ഡിജിറ്റൽ മാധ്യമത്തിലൂടെയും, ഓൺലൈനിലൂടെയും ആക്കിയതു വഴി വിദ്യാർത്ഥികളിൽ ഏതെങ്കിലും തരത്തിലുള്ള മാനസിക പ്രയാസങ്ങൾ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ കുട്ടികൾക്ക് മാനസികാരോഗ്യം നൽകുന്നതിനും ഡിജിറ്റൽ പഠനം വഴിയുണ്ടായിട്ടുള്ള മാനസിക സംഘർഷം പരിഹരിക്കുന്നതിനും സ്കൂളുകളിൽ ആവശ്യമായ കൗൺസലിംഗ് ഏർപ്പെടുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഉദ്ദേശിക്കുന്നുണ്ട്. സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂൾ തലത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഒരു കേന്ദ്രീകൃത മോഡ്യൂൾ തയ്യാറാക്കുന്നുണ്ട്. പ്രസ്തുത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ ക്ലാസ്സടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യ ദിവസങ്ങളിൽ ഇത് സംബന്ധിച്ച ക്ലാസ്സുകൾ കുട്ടികൾക്കും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ